**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 91** **15-10-2026-ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീസർവേ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ
ശ്രീ. എ. സി. മൊയ്തീൻ
ശ്രീ. സി. കെ. ഹരീന്ദ്രൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നടപ്പാക്കി വരുന്ന ഡിജിറ്റൽ റീസർവേ പദ്ധതിയുടെ ഭാഗമായി നിലവിൽ എത്ര വില്ലേജുകളിൽ സർവേ പൂർത്തിയായി; എത്ര വില്ലേജുകളിൽ നടപടികൾ പുരോഗമിക്കുന്നു; എത്ര വില്ലേജുകളിൽ നടപടികൾ നിർത്തിവച്ചിരിക്കുന്നു എന്നീ വിവരങ്ങൾ വ്യക്തമാക്കുമോ;

**മറുപടി:** സംസ്ഥാനത്ത് 839 വില്ലേജുകളിലാണ് ഡിജിറ്റൽ സർവെ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഇതിൽ 266 വില്ലേജുകളിൽ ഫീൽഡ് സർവേ നടപടികൾ പൂർത്തിയാക്കി സർവെ അതിരടയാള നിയമം സെക്ഷൻ 13 പ്രകാരം അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 120 വില്ലേജുകളിൽ 9(2) സെക്ഷൻ പ്രകാരമുള്ള കരട് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും 214 വില്ലേജുകളിൽ വിവിധ ഘട്ടങ്ങളിലായി ഫീൽഡ് സർവെ നടപടികൾ പുരോഗമിച്ചു വരികയുമാണ്. 239 വില്ലേജുകളിൽ ഡിജിറ്റൽ സർവെ സംബന്ധിച്ച പ്രാഥമിക ജോലികൾ ആരംഭിച്ചിട്ടുണ്ട്.

ഡിജിറ്റൽ സർവ്വേയിലുണ്ടായ പരാതികൾ പരിഹരിക്കുന്നതിനും ഫണ്ടിന്റെ അപര്യാപ്തതയും മൂലം ഡിജിറ്റൽ സർവെയുടെ പ്രവർത്തനങ്ങൾ താത്ക്കാലികമായി നിർത്തി വെച്ചിരുന്നു.

**(ബി)** ഏതെങ്കിലും ജില്ലകളിലോ വില്ലേജുകളിലോ ഡിജിറ്റൽ റീസർവേ പ്രവർത്തനങ്ങൾ താൽക്കാലികമായോ പൂർണ്ണമായോ നിർത്തിവയ്ക്കാൻ സർക്കാർ അല്ലെങ്കിൽ സർവേ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ;

**മറുപടി:** ഏതെങ്കിലും ജില്ലകളിലോ വില്ലേജുകളിലോ ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ താൽക്കാലികമായോ പൂർണ്ണമായോ നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ, ഡിജിറ്റൽ സർവ്വേയ്ക്കുള്ള ഫണ്ട് റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ നിന്നാണ് ലഭ്യമാക്കിയിരുന്നത്. ഫണ്ടിന്റെ അപര്യാപ്തത മൂലം പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവെച്ചിരുന്നു. പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി ആവശ്യമായ ഭരണ സാമ്പത്തിക ക്രമീകരണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് 2026 നവംബർ 1 മുതൽ 'ഡിജിറ്റൽ സർവെ 2.0' എന്ന പേരിൽ പദ്ധതി പുനരാരംഭിക്കുന്നതാണ്.

**(സി)** ഡിജിറ്റൽ സർവേയിലൂടെ ഒരു വ്യക്തിയുടെ കൈവശം കണ്ടെത്തുന്ന തർക്കമില്ലാത്തതും സർക്കാർ പുറമ്പോക്കല്ലാത്തതുമായ ഭൂമിക്ക് കൈവശക്കാരന് ഉടമസ്ഥാവകാശം നിശ്ചയിച്ചു നൽകുന്നതിന് നിയമസഭ പാസ്സാക്കിയ സെറ്റിൽമെന്റ് ആക്ട് നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിലപാട് വ്യക്തമാക്കുമോ; അധിക കൈവശ ഭൂമിക്ക് ഉടമസ്ഥാവകാശം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

__മറുപടി:__ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപടികൾ പൂർത്തിയാക്കി സെക്ഷൻ 13 വിജ്ഞാപനം പുറപ്പെടുവിച്ച വില്ലേജുകളിലെ ഭൂവുടമകളുടെ കൈവശഭൂമിയുടെ വിസ്തീർണ്ണത്തിൽ, ആധാരത്തിലുള്ളതിനേക്കാൾ സംഭവിച്ചിട്ടുള്ള വിസ്തീർണ്ണ വ്യത്യാസം ക്രമവൽക്കരിക്കുന്നത് സംബന്ധിച്ചിട്ടുള്ള ബിൽ ബഹു. ഗവർണറുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

**(ഡി)** ഡിജിറ്റൽ റീസർവേയുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്ന താൽക്കാലിക ജീവനക്കാരെ നിലവിൽ ജോലിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണവും വിശദവിവരങ്ങളും അറിയിക്കുമോ;

__മറുപടി:__ ഡിജിറ്റൽ റീസർവേയുമായി ബന്ധപ്പെട്ട് നിയമിച്ചിരുന്ന 570 കരാർ ഹെൽപ്പർമാർ ഒഴികെയുള്ള താൽക്കാലിക ജീവനക്കാരെ 01-08-2026 മുതൽ ഒഴിവാക്കിയിട്ടുണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയാണ് ഡിജിറ്റൽ സർവെ പദ്ധതി നടപ്പിലാക്കി വന്നിരുന്നത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ നിന്നുള്ള ധനസഹായം ലഭ്യമാകാതിരുന്നതിനാലാണ് ഡിജിറ്റൽ സർവെ താത്ക്കാലികമായി നിലയ്ക്കാൻ കാരണമായത്. ഡിജിറ്റൽ സർവ്വേയിൽ ഉണ്ടായ പരാതികൾ പരിഹരിച്ച് കുറ്റമറ്റതാക്കിക്കൊണ്ട് 2026 നവംബർ 1 മുതൽ 'ഡിജിറ്റൽ സർവെ 2.0' എന്ന പേരിൽ പദ്ധതി പുനരാരംഭിക്കുന്നതാണ്.

**(ഇ)** താല്ക്കാലിക ജീവനക്കാരെ ഒഴിവാക്കിയതിന്റെ ഫലമായി ഡിജിറ്റൽ റീസർവേ പദ്ധതിയിൽ നിലവിൽ പ്രതിസന്ധി ഉണ്ടായിട്ടുണ്ടോ; എങ്കിൽ സർവേ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള പകരം സംവിധാനങ്ങൾ അല്ലെങ്കിൽ അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

__മറുപടി:__ താൽക്കാലിക ജീവനക്കാരെ ഒഴിവാക്കിയെങ്കിലും വകുപ്പിലെ ജീവനക്കാരെ ഉപയോഗിച്ച് ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

'ഡിജിറ്റൽ സർവെ 2.0' എന്ന പേരിൽ പദ്ധതി നവംബർ 1 മുതൽ പുനരാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പദ്ധതിയുടെ മുൻകാല കുടിശ്ശികകൾ തീർക്കുന്നതിനായി 17.20 കോടി രൂപയും, പ്രവർത്തനങ്ങൾ തടസ്സമില്ലാതെ നടക്കുന്നതിന് പ്രതിമാസ ചെലവുകൾക്കായി 6.80 കോടി രൂപയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിലെ പരാതികളിൽ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി 81,421 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ 97,524 അപേക്ഷകളിൽ സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ ലഭിച്ച 1,84,804 അപേക്ഷകളിൽ 1,05,957 അപേക്ഷകൾ പൂർണ്ണമായും തീർപ്പാക്കി. അവശേഷിക്കുന്ന 58,643 അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**